പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5252 — 27.07.2015 -ൽ മറുപടിക്ക്.

## ഭക്ഷ്യധാന്യങ്ങളുടെ കടത്ത്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**<br>**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ.സി.മോയിൻ കുട്ടി**<br>**ശ്രീ.പി.ഉബൈദുള്ള** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ട അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ സ്വകാര്യ ഗോഡൗണുകളിലും കടത്തിക്കൊണ്ടു പോകുന്ന വാഹനങ്ങളിലും കണ്ടെത്തുന്ന സാഹചര്യങ്ങളെയും അതു ചോർന്നു പോകുന്ന ഉറവിടങ്ങളെയും കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(എ) വൻതോതിൽ ഉള്ള കടത്ത് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതു വിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ ചോർച്ച തടയുന്നതിനായി സംസ്ഥാനതലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും തുടർച്ചയായ പരിശോധനകളും റെയ്ഡും നടത്തുന്നു. സിവിൽ സപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി, പോലീസ് എന്നിവരുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായും പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ പൊതു വിപണിയിലുൾപ്പെടെ ദിനംപ്രതി റെയ്ഡുകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അനധികൃതമായി കടത്തിക്കൊണ്ടു പോകുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ മുതലായവയുമാണ് പിടിച്ചെടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 2014-15 കാലയളവിൽ സംസ്ഥാനത്ത് 52 റേഷൻ മൊത്തവിതരണ കേന്ദ്രങ്ങളിലും 650 റേഷൻ കടകളിലും പരിശോധനകൾ നടത്തുകയുണ്ടായി. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും പോലീസും ചേർന്ന് 60 റെയ്ഡുകൾ നടത്തുകയും 19 പേരെ അറസ്റ്റ് ചെയ്യുകയും 5 പേരെ

പ്രോസിക്യൂട്ട് ചെയ്യാൻ നടപടിയെടുക്കുകയും ചെയ്തു. 853.85 മെട്രിക് ടൺ അരി, 56.61 മെട്രിക് ടൺ ഗോതമ്പ്, 6.4 മെട്രിക് ടൺ പഞ്ചസാര, 24.76 കിലോ ലിറ്റർ മണ്ണെണ്ണ, 963 ഗ്യാസ് സിലിണ്ടറുകൾ എന്നിവ പിടിച്ചെടുക്കുകയും 34.20 ലക്ഷം രൂപ പിഴയായി ഈടാക്കുകയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ഇനത്തിൽ പിടികൂടിയ ഭക്ഷ്യ ശേഖരത്തെ സംബന്ധിച്ചും സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വ്യക്തമാക്കുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 5303 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കള്ളക്കടത്ത് നടത്തിയത് കണ്ടെത്തിയിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങൾ പൊതു വിതരണ ശൃംഖല വഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യസാധന നിയമ പ്രകാരവും നടപടി എടുത്ത് വരുന്നു. കർശനമായ പരിശോധന സംവിധാനം ഇന്ന് നിലവിലുണ്ട്.

Nimi. R

സെക്ഷൻ ഓഫീസർ